## മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

തുല്യത- മഹാത്മാഗാന്ധി സർവ്വകലാശാലയുടെ എം.ഫിൽ എൻവയേൺമെന്റൽ സയൻസ്-ന് എം.ഫിൽ കെമിസ്ട്രിയുമായി തുല്യത- അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### അക്കാദമിക് എ5 വിഭാഗം

സ.ഉ.നം. 4520/എസി.എ5/2/2015/അക്കാദമിക് പി.ഡി ഹിൽസ്, തീയതി 17/07/2017

---

സൂചന: 1. തുല്യത- ശ്രീമതി ബ്രിജിത് കെ.എസ്. 30/07/2015-ൽ നൽകിയ അപേക്ഷ.

2. മഹാത്മാഗാന്ധി സർവ്വകലാശാല യു.ഒ.നം. 1814/എസി.ഡി./01/2011/അക്കാദമിക് തീയതി 09/04/2012.

3. ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ കെമിസ്ട്രി(പി.ജി) 26/04/2016-ൽ നൽകിയ അഭിപ്രായം.

4. ഡീൻ ഫാക്കൽറ്റി ഓഫ് സയൻസ് 1/07/2016-ൽ നൽകിയ അഭിപ്രായം.

5. മഹാത്മാഗാന്ധി സർവ്വകലാശാല അക്കാദമിക് കൗൺസിൽ യോഗം മിനിട്സ് ഇനം. 57/എസി.15/16284, തീയതി 24/11/2016.

6. മഹാത്മാഗാന്ധി സർവ്വകലാശാല അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗം മിനിട്സ് ഇനം 2/എസി.എ5 തീയതി 24/05/2017.

### ഉത്തരവ്

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ എം.ഫിൽ എൻവയേൺമെന്റൽ സയൻസ് എം. ഫിൽ കെമിസ്ട്രിക്കു തുല്യമായി അംഗീകരിക്കണമെന്നാവശ്യപ്പെട്ട് സൂചന(1) പ്രകാരം ലഭിച്ച് അപേക്ഷ, സൂചന (2) ൽ പരാമർശിയ്ക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് പരിശോധിക്കുകയുണ്ടായി.

സൂചന (3) ഉം (4)ഉം പ്രകാരം ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്റെയും, ഡീൻ ഫാക്കൽറ്റി ഓഫ് സയൻസിന്റെയും വിദഗ്ദ്ധാഭിപ്രായം ഇക്കാര്യത്തിൽ ലഭിച്ചിരുന്നു. കെമിസ്ട്രി(പി.ജി) ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ പ്രസ്തുത വിഷയം പരിശോധിച്ചു, പ്രവേശന യോഗ്യതാ മാനദണ്ഡങ്ങൾ, പേപ്പറുകളുടെ എണ്ണം എന്നിവ സമാനമാണെന്ന് അഭിപ്രായപ്പെട്ടെങ്കിലും, എം.ഫിൽ എൻവയേൺമെന്റൽ സയൻസിന്റെ സിലബസും എം.ഫിൽ കെമിസ്ട്രിയുടെ സിലബസും തമ്മിൽ 75% സമാനതകളില്ലായെന്നും കൂടാതെ ടി വിദ്യാർത്ഥിയുടെ പ്രോജക്ട് പോളിമർ കെമിസ്ട്രിയുടെ തലത്തിലാണെങ്കിലും, തുല്യത നൽകുവാൻ ഉതകും വിധം സമാനതകളില്ലാത്തതിനാൽ തുല്യതയ്ക്ക് ശിപാർശ ചെയ്യാൻ സാധിക്കുകയില്ല എന്ന് അഭിപ്രായപ്പെട്ടു. ഡീൻ ഫാക്കൽറ്റി ഓഫ് സയൻസും, ചെയർപേഴ്സന്റെ അഭിപ്രായത്തോട് പൂർണ്ണമായി യോജിക്കുകയും അംഗീകാരം അനുവദിക്കേണ്ടതില്ല എന്ന് സൂചന(4) പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തിരിക്കുന്നു.

മേൽ പറഞ്ഞ അഭിപ്രായങ്ങൾ പരിഗണിച്ച് വൈസ് ചാൻസലർ പ്രസ്തുത വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനക്കായി സമർപ്പിക്കുവാൻ ഉത്തരവിട്ടു.

അക്കാദമിക് കൗൺസിൽ സൂചന(5) പ്രകാരം എം.ഫിൽ. എൻവയേൺമെന്റൽ സയൻസ് ബിരുദത്തിന് എം.ഫിൽ കെമിസ്ട്രിയുമായി തുല്യത അനുവദിക്കുന്നതു സംബന്ധിച്ച്, വിശദമായ പഠനത്തിനായി അക്കാദമിക് കൗൺസിലിന്റെ സ്റ്റന്‍ഡിംഗ് കമ്മിറ്റിയിലേക്ക് അയ്ക്കുവാൻ തീരുമാനമെടുത്തു.

24/05/2017-ൽ ചേർന്ന അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗം സൂചന (6) മിനിട്സ് പ്രകാരം ശ്രീമതി ബ്രിജിത് കെ.എസ് -ന്റെ എം.ഫിൽ എൻവിയേൺമെന്റൽ സയൻസ് ബിരുദത്തിന് സർവ്വകലാശാലയുടെ എം.ഫിൽ കെമിസ്ട്രിയുമായി തുല്യത നൽകുവാൻ ശുപാർശ ചെയ്തു.

മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം 3, ഛേദം 10(17) പ്രകാരമുള്ള സിൻഡിക്കേറ്റിന്റെ അധികാരമുപയോഗിച്ച് വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ എം.ഫിൽ എൻവയേൺമെന്റൽ സയൻസ് ബിരുദത്തിന് സർവ്വകലാശാലയുടെ എം.ഫിൽ കെമിസ്ട്രിയുമായി തുല്യത നൽകുവാനുള്ള ശുപാർശ അംഗീകരിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവാകുന്നു.

**ഒപ്പ്**
**സതീഷ് ചന്ദ്രൻ നായർ പി.എസ്.**
**അസിസ്റ്റന്റ് രജിസ്ട്രാർ III(അക്കാദമിക്)**
**രജിസ്ട്രാർക്ക് വേണ്ടി**

<u>പകർപ്പ്.</u>

1. ശ്രീമതി ബ്രിജിത് കെ.എസ്
2. വൈസ് ചാൻസിലർ/പ്രോവൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളറുടെ പി.എ.മാർ
4. എ.ആർIII /ഡി.ആർ II /ജെ.ആർ(അക്കാദമിക്)
5. എസി.സി/ ഐ.ക്യൂ.എ.സി.
6. കരുതൽ ഫയൽ/ഫയൽ പകർപ്പ്

**ഉത്തരവിൻ പ്രകാരം.**

**സെക്ഷൻ ഓഫീസർ**